# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6706 09/11/2016-ൽ മറുപടിക്ക്

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്ക് സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനവും അനുബന്ധ തീരുമാനങ്ങളും വെച്ചുകൊണ്ട് നിലവിലെ നിയമത്തിൽ മാറ്റം വരുത്തി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ), & (ബി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20,000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ഇതല്ലാതെ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും സംബന്ധിച്ച് അനുപാതം ഒന്നും നിഷ്കർഷിച്ചിട്ടില്ല മുകളിൽ പറഞ്ഞ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ വളാഞ്ചേരി, എടയൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. |
| (ബി) | സംസ്ഥാനത്തെ ഇലക്ട്രിക്ക് സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും സംബന്ധിച്ച അനുപാതം വ്യക്തമാക്കുമോ; | | |
| (സി) | സെക്ഷൻ ഓഫീസ് വിഭജനത്തിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി | (സി) | പ്രത്യേക ഭൂപ്രകൃതി, ദുഷ്കരമായ സാഹ |

| | | | |
|---|---|---|---|
| | ഏതെങ്കിലും സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ; | | ചര്യങ്ങൾ, ഊർജ്ജ വിതരണത്തിന്റെ തോത് എന്നിവ കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ ചുരുക്കം ചില സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇരിമ്പിളിയം സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന കാര്യത്തിൽ പ്രത്യേകം പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ